**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2650** **27-02-2023 - ൽ മറുപടിയ്ക്ക്**

**കുടിശ്ശിക നിവാരണത്തിനും നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനും സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘങ്ങളിൽ കുടിശ്ശികയും നിഷ്ക്രിയ ആസ്തികളും വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | 2018, 2019 കാലയളവിലെ പ്രളയം, കോവിഡ് – 19 മഹാമാരി, മലയോര മേഖലകളിൽ വന്യമൃഗശല്യം മൂലമുള്ള കൃഷിനാശം, കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ് എന്നിവ ഉൾപ്പെടെയുള്ള കാരണങ്ങളാൽ വായ്പാക്കാരിൽ വരുമാനസാധ്യത കുറയുന്ന അവസ്ഥ സംജാതമായതും, ഈട് വസ്തു മൂല്യനിർണ്ണയം നടത്തുന്നതിലെ അപാകത, തിരിച്ചടവ് ശേഷി കൃത്യമായി പരിഗണിക്കാതെ വായ്പകൾ നൽകുന്നത് എന്നീ കാരണങ്ങളാലും സഹകരണ സംഘങ്ങളിൽ കുടിശ്ശിക/നിഷ്ക്രിയ ആസ്തി വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ വിശദമാക്കാമോ; | (ബി) | 31.12.2022 – ലെ കണക്കുകൾ പ്രകാരമുള്ള കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ജില്ല / ബാങ്ക് | 31.12.2022 – ലെ കുടിശ്ശിക<br>(തുക കോടിയിൽ) |
|---|---|
| തിരുവനന്തപുരം | 1666.01 |
| കൊല്ലം | 2685.17 |
| പത്തനംതിട്ട | 900.62 |
| ആലപ്പുഴ | 1067.27 |
| കോട്ടയം | 2131.11 |
| ഇടുക്കി | 748.76 |
| എറണാകുളം | 3098.81 |
| തൃശ്ശൂർ | 5712.36 |
| പാലക്കാട് | 1726.46 |
| മലപ്പുറം | 1538.76 |
| കോഴിക്കോട് | 774.77 |
| വയനാട് | 359.10 |
| കണ്ണൂർ | 2640.38 |
| കാസറഗോഡ് | 1014.53 |

| | | | |
|---|---|---|---|
| | | | <table><tr><td>കേരള ബാങ്ക്</td><td>15435.60</td></tr><tr><td>കാർഷിക സഹകരണ ബാങ്ക്</td><td>2162.78</td></tr><tr><td>ആകെ</td><td>43662.49</td></tr></table> |
| (സി) | കുടിശ്ശിക നിവാരണത്തിനും നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | കുടിശ്ശിക നിവാരണത്തിനും, നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനുമായി ആർബിട്രേഷൻ, എക്സിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഇളവുകളോടെ കുടിശ്ശിക വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാറുണ്ട്. 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്റ്റംബർ 30 വരെ ടി പദ്ധതി നടപ്പിലാക്കിയിരുന്നു. 2023 ഫെബ്രുവരി 1 മുതൽ 2023 മാർച്ച് 31 വരെ ടി പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>കൂടാതെ കേരള ബാങ്ക് റിക്കവറി മാനേജ്മെന്റ് പോളിസി, കോംപ്രമൈസ് സെറ്റിൽമെന്റ് സ്കീം, സർഫാസി നിയമം എന്നിവ പ്രകാരവും കുടിശ്ശിക കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ